പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 324 — 17.10.2016 -ൽ മറുപടിക്ക്.

## ഭക്ഷ്യ വസ്തുക്കളുടെ വിലനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ബി.സത്യൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (എ) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുടെ പരിഗണനയ്ക്കായി അതാതു സംസ്ഥാനങ്ങളുടെ സാഹചര്യം കണക്കിലെടുത്ത് നടപ്പാക്കുന്നതിനായി ചില നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. പയറുവർഗ്ഗ ങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ ഇറക്കുമതിക്കാരുടെയും മൊത്ത വ്യാപാരികളുടെയും യോഗം വിളിച്ച് പയറുവർഗ്ഗങ്ങളുടെ വില പിടിച്ചു നിറുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഭക്ഷ്യവസ്തുക്കൾക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം സ്റ്റോക്ക് പരിധി നിശ്ചയിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു പുറമെ 1955-ലെ അവശ്യസാധന നിയമം, 1980 ലെ പ്രിവെൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് സപ്ലൈസ് ഓഫ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമം ലീഗൽ മെട്രോളജി നിയമം എന്നിവ പ്രകാരവും നടപടികൾ എടുക്കുവാൻ വ്യവസ്ഥയുണ്ട് . |
| (ബി) ജി.എസ്.റ്റി. പ്രാബല്യത്തിലായാൽ ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ നികുതി ഒഴിവാക്കാനോ, കുറയ്ക്കാനോ സംസ്ഥാന സർക്കാരിന് സാധ്യമാകാത്ത സാഹചര്യത്തിൽ ഇത് ഭക്ഷ്യ വസ്തുക്കളുടെ വില നിലവാരത്തെ ഏതു രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) ഒക്ടോബർ 18 മുതൽ 20 വരെ ഡൽഹിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ജി.എസ്.റ്റി കൗൺസിൽ മീറ്റിംഗിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുകയുള്ളൂ. |

(സി) ഉത്സവ കാലത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവധി വ്യാപാരവും നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയാമോ ;

(സി) ഉത്സവ കാലത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവധി വ്യാപാരവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നതിന് കേന്ദ്ര സർക്കാർ 21.05.2015, 21.05.2016 എന്നീ തീയതികളിൽ സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ മീറ്റിംഗ് വിളിച്ചു കൂട്ടുകയും അവശ്യ സാധന നിയമത്തിലെ, സെക്ഷൻ 3(2)(C) ആവശ്യഘട്ടങ്ങളിൽ പ്രയോഗിക്കുവാനും കുറ്റക്കാർക്കെതിരെ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുവാനും ഇതു കൂടാതെ 1980 ലെ പ്രിവെൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് സപ്ലൈസ് ഓഫ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമം, ലീഗൽ മെട്രോളജി നിയമം എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ച് അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

(ഡി) അന്തർദേശീയ കമ്പോളത്തിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ ഇവയുടെ മേൽ ചുമത്തിയ അധിക എക്സൈസ് തീരുവ ഭക്ഷ്യ ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില വർദ്ധനക്ക് വലിയ തോതിൽ പ്രേരകമായിട്ടുണ്ടോ; ഈ നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ?

(ഡി) കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമായതു കൊണ്ട് ഇന്ധന വിലയിലുള്ള വർദ്ധനവിന് ആനുപാതികമായി ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കേന്ദ്ര സർക്കാർ ചുമത്തിയ അധിക എക്സൈസ് തീരുവ കുറയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ